श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## 59-ാമത് അക്കാദമിക് കൗൺസിൽ യോഗം

തീയതി : 21.12.2024 സ്ഥലം : ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

| ക്രമ നം. | പേര് | | ഒപ്പ് |
|---|---|---|---|
| 1 | ഡോ. കെ കെ. ഗീതാകുമാരി, വൈസ് ചാൻസലർ | : | ഒപ്പ് |
| 2 | ഡോ. മോത്തി ജോർജ്ജ്, രജിസ്ട്രാർ | : | ഒപ്പ് |
| 3 | ഡോ. കെ. രമാദേവി അമ്മ, ഡീൻ, ഫാക്കൽറ്റി ഓഫ് ഇൻഡ്യൻ മെറ്റാഫിസിക്സ് | : | ഒപ്പ് |
| 4 | ഡോ. കെ ജി കുമാരി, ഡീൻ, ഫാക്കൽറ്റി ഓഫ് ഇന്ത്യൻ ലോജിക് | : | ഒപ്പ് |
| 5 | ഡോ. സി. ആർ പ്രസാദ്, ഡീൻ, ഫാക്കൽറ്റി ഓഫ് ഇൻഡോളജി | : | (ഓൺലൈൻ) |
| 6 | ഡോ. മുഹമ്മദ് മാഹീൻ എ, ഡീൻ, ഫാക്കൽറ്റി ഓഫ് ആർട്ട്സ് ആന്റ് സോഷ്യൽ സയൻസസ് | : | (ഓൺലൈൻ) |
| 7 | ഡോ.(പ്രൊഫ). ബേബി ശാരി, ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | : | (ഓൺലൈൻ) |
| 8 | ഡോ. പി. പി. അജയകുമാർ, ഡീൻ, ഫാക്കൽറ്റി ഓഫ് ഫോറിൻ ലാംഗ്വേജസ് | : | (ഓൺലൈൻ) |
| 9 | ഡോ. അംബിക കെ ആർ, ഡീൻ, ഫാക്കൽറ്റി ഓഫ് സാൻസ്ക്രിറ്റ് ലിറ്ററേച്ചർ | : | ഒപ്പ് |
| 10 | ഡോ. മിനി ടി, ഡീൻ & സിൻഡിക്കേറ്റ് അംഗം | : | ഒപ്പ് |
| 11 | ഡോ. ആർ. വിജയ കുമാർ, ഡീൻ, ഫാക്കൽറ്റി ഓഫ് സാൻസ്ക്രിറ്റ് ഗ്രാമർ | : | (ഓൺലൈൻ) |
| 12 | ഡോ. സി. രാജേന്ദ്രൻ, എമിനന്റ് സ്കോളർ | : | (ഓൺലൈൻ) |
| 13 | ഡോ. അനിൽ വള്ളത്തോൾ, എമിനന്റ് സ്കോളർ | : | (ഓൺലൈൻ) |
| 14 | ഡോ. വി ജി ഗോപാലകൃഷ്ണൻ, എമിനന്റ് സ്കോളർ | : | ഒപ്പ് |
| 15 | ഡോ. ഷീബ എസ്, പ്രൊഫസർ, സംസകൃതം വേദാന്തം, | : | (ഓൺലൈൻ) |

| | | | |
|---|---|---|---|
| | ഇലക്ടഡ് മെമ്പർ | | |
| 16 | ഡോ. രൂപ വി, അസി. പ്രൊഫസർ, സംസകൃതം വ്യാകരണം, ഇലക്ടഡ് മെമ്പർ | : | ഒപ്പ് |
| 17 | ഡോ. സംഗമേശൻ കെ.എം, പ്രൊഫസർ, സംസകൃതം സാഹിത്യം,ഇലക്ടഡ് മെമ്പർ | : | ഒപ്പ് |
| 18 | ഡോ. എം. സി അബ്ദുൾ നാസർ, അസോ. പ്രൊഫസർ, മലയാളം, ഇലക്ടഡ് മെമ്പർ | : | ഒപ്പ് |
| 19 | ഡോ. മുരളീകൃഷ്ണൻ ടി ആർ, പ്രൊഫ. ഇംഗ്ലീഷ്, ഇലക്ടഡ് മെമ്പർ | : | ഒപ്പ് |
| 20 | ശ്രീമതി. റാഹിലാ ബീവി എം ഐ, അസി. പ്രൊഫസർ, കായിക വിദ്യാഭ്യാസം, ഇലക്ടഡ് മെമ്പർ | : | ഒപ്പ് |
| 21 | ഡോ. രേഷ്മ ഭരദ്വാജ്, അസി.പ്രൊഫസർ, സോഷ്യൽ വർക്ക്, ഇലക്ടഡ് മെമ്പർ | : | ഒപ്പ് |
| 22 | ഡോ. രാമൻകുട്ടി പി വി, സിൻഡിക്കേറ്റ് അംഗം | : | ഒപ്പ് |
| 23 | ഡോ. വി ലിസ്സി മാത്യു, സിൻഡിക്കേറ്റ് അംഗം | : | ഒപ്പ് |
| 24 | ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റ് അംഗം | : | ഒപ്പ് : |
| 25 | ഡോ. എം. സത്യൻ, സിൻഡിക്കേറ്റ് അംഗം | : | ഒപ്പ് |
| 26 | ആർ അജയൻ, സിൻഡിക്കേറ്റ് മെമ്പർ | : | ഒപ്പ് |
| 27 | ഡോ. ബി. അശോക്, സിൻഡിക്കേറ്റ് മെമ്പർ | : | ഒപ്പ് |
| 28 | ഡോ. ഓമന പി വി, സിൻഡിക്കേറ്റ് അംഗം | : | ഒപ്പ് |
| 29 | ഡോ. മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റ് മെമ്പർ | : | ഒപ്പ് |
| 30 | അഡ്വ. കെ.എസ് അരുൺ കുമാർ, , സിൻഡിക്കേറ്റ് മെമ്പർ | : | ഒപ്പ് |
| 31 | ഡോ. ബീന ഐസക്, സിൻഡിക്കേറ്റ് അംഗം | : | (ഓൺലൈൻ) |
| 32 | ആര്യ എം., പി ജി സ്റ്റുഡന്റ് റപ്പ് | : | ഒപ്പ് |
| 33 | ഷെഹീന എസ് എസ്, പി.എച്ച്.ഡി റപ്പ് | : | ഒപ്പ് |
| 34 | ഡോ. ദിന എം ആർ, വകുപ്പ് മേധാവി, കായിക വിദ്യാഭ്യാസം | : | ഒപ്പ് |
| 35 | ഡോ. യമുന കെ, വകുപ്പ് മേധാവി, സംസ്കൃതം വ്യാകരമം | : | ഒപ്പ് |
| 36 | ഡോ. രേണുക കെ സി, വകുപ്പ് മേധാവി, സംസ്കൃതം ന്യായം | : | ഒപ്പ് |
| 37 | ഡോ. ജി നാരായണൻ, വകുപ്പ് മേധാവി, സംസ്കൃതം വേദാന്തം | : | ഒപ്പ് |
| 38 | ഡോ. ടി. ജി ജ്യോതിലാൽ, വകുപ്പ് മേധാവി, പെയിന്റിംഗ് | : | ഒപ്പ് |

| | | | |
|---|---|---|---|
| 39 | ഡോ. ടി എസ് . സാജു, വകുപ്പ് മേധാവി, ജ്യോഗ്രഫി | : | ഒപ്പ് |
| 40 | ഡോ. ശീതൾ എസ് കുമാർ, വകുപ്പ് മേധാവി, സോഷ്യോളജി | : | ഒപ്പ് |
| 41 | ഡോ. ശ്യാമള കെ , വകുപ്പ് മേധാവി, ഫിലോസഫി | : | ഒപ്പ് |
| 42 | ഡോ. സി എം. മനോജ് കുമാർ, വകുപ്പ് മേധാവി, ഇംഗ്ലീഷ് | : | ഒപ്പ് |
| 43 | രജിത അമ്പിളി കെ സി, വകുപ്പ് മേധാവി, സംസ്കൃതം ജനറൽ | : | ഒപ്പ് |
| 44 | ഡോ. സുനിത ഗോപാലകൃഷ്ണൻ,വകുപ്പ് മേധാവി ഹിന്ദി | : | ഒപ്പ് |
| 45 | ഡോ. ജോസ് ആന്റണി, വകുപ്പ് മേധാവി, സോഷ്യൽ വർക്ക് | : | ഒപ്പ് |
| 46 | ഡോ. അബു കെ എം, വകുപ്പ് മേധാവി, മോഹിനിയാട്ടം | : | ഒപ്പ് |
| 47 | ഡോ. അജിത് കുമാർ കെ വി, വകുപ്പ് മേധാവി, സംസ്കൃതം സാഹിത്യം | : | ഒപ്പ് |
| 48 | ഡോ. സൂസൻ തോമസ്, വകുപ്പ് മേധാവി, ഹിസ്റ്ററി | : | ഒപ്പ് |
| 49 | ഡോ. കമറുന്നീസ കെ, വകുപ്പ് മേധാവി, ഉർദു | : | ഒപ്പ് |
| 50 | ശ്രീ. കെ. കെ.കൃഷ്ണകുമാർ, വകുപ്പ് മേധാവി, തിയറ്റർ | : | ഒപ്പ് |
| 51 | ഡോ. കുഞ്ഞിമൊയ്തീൻ കുട്ടി, വകുപ്പ് മേധാവി, അറബിക് | : | **(ഓൺലൈൻ)** |
| 52 | ശ്രീമതി. സിന്ധു അനിൽകുമാർ, വകുപ്പ് മേധാവി, ഭരതനാട്യം | : | **(ഓൺലൈൻ)** |
| 53 | ഡോ. കെ. ആർ സജിത, വകുപ്പ് മേധാവി, മലയാളം | : | **(ഓൺലൈൻ)** |
| 54 | ഡോ. മഞ്ജു ഗോപാൽ, വകുപ്പ് മേധാവി, മ്യൂസിക് | : | **(ഓൺലൈൻ)** |
| 55 | ഡോ. സന്ധ്യ അരവിന്ദ്, വകുപ്പ് മേധാവി, സൈക്കോളജി | : | **(ഓൺലൈൻ)** |

**1. <u>അഭിസംബോധന</u>**

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സംസ്കൃത പണ്ഡിതനും അദ്ധ്യാപകനും എഴുത്തുകാരനും ആയിരുന്ന പ്രൊഫ. കെ. പി. ബാബുദാസ്, പ്രമുഖ കാർഡിയോതൊറാസിക് സർജനും പദ്മ വിഭൂഷൺ ജേതാവുമായ ഡോ. എം. എസ്. വല്യത്താൻ, സർവകലാശാലയുടെ പ്രാരംഭഘട്ടത്തിൽ ഇംഗ്ലീഷ് അധ്യാപകനായിരുന്ന ശ്രീ. പദ്മനാഭൻ, വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിവട്ടം എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ മരണമടഞ്ഞവർ, കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവും നാടക പ്രവർത്തകനുമായ ശ്രീ കെ. ജെ. ബേബി, മുൻ ലോകസഭാംഗം ശ്രീ. എം.എം. ലോറൻസ്, മുൻ രാജ്യസഭാംഗം ശ്രീ. സീതാറാം യെച്ചൂരി, പ്രമുഖ ചലചിത്രതാരം ശ്രീമതി കവിയൂർ പൊന്നമ്മ, ലോക പ്രശസ്ത തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈൻ എന്നിവരുടെ നിര്യാണത്തിലും, മറ്റ് കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെയും നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

25.06.2024 തീയതിയിലെ 58-ാം അക്കാദമിക് കൗൺസിൽ യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള

പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് 7 അംഗങ്ങളെ സർക്കാർ 05.12.2024 ന് നാമനിർദ്ദേശം ചെയ്തു. അഡ്വ. കെ.എസ്. അരുൺകുമാർ, ഡോ. എം. സത്യൻ (പ്രൊഫസർ, സംസ്കൃത സാഹിത്യ വിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല), ഡോ. ബി. അശോക് (പ്രൊഫസർ, ഹിന്ദി വിഭാഗം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം) ഡോ. പി.വി. ഓമന (ഹിന്ദി വിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല), ഡോ. ലിസ്സി മാത്യു (സീനിയർ പ്രൊഫസർ, മലയാള വിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല), ഡോ. മാത്യൂസ് ടി തെള്ളി (അസ്സോസിയേറ്റ് പ്രൊഫ. സസ്യശാസ്ത്ര വിഭാഗം, കെ. ഇ കോളേജ്, മാന്നാനം) ശ്രീ. ആർ. അജയൻ എന്നിവരെയാണ് നാമനിർദ്ദേശം ചെയ്തത്. എല്ലാവരേയും അക്കാദമിക് കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു.
2. ഡോ. അംബിക കെ.ആർ, പ്രൊഫസർ, സംസ്കൃത സാഹിത്യ വിഭാഗം, എസ്.എസ്.യു.എസ് (Sanskrit Literature) , ഡോ. ആർ വിജയകുമാർ, പ്രൊഫസർ (റിട്ടയേർഡ്), സംസ്കൃത വ്യാകരണ വിഭാഗം, എസ്.എസ്.യു.എസ് (Sanskrit Grammer), ഡോ. കെ. രമാദേവി അമ്മ, പ്രൊഫസർ, സംസ്കൃത വേദാന്ത വിഭാഗം, എസ്.എസ്.യു.എസ് (Indian Metaphysics), ഡോ. കെ.ജി കുമാരി, പ്രൊഫസർ, സംസ്കൃത ന്യായ വിഭാഗം, എസ്.എസ്.യു.എസ് (Indian Logic) ഡോ. ടി. മിനി, പ്രൊഫസർ, സംസ്കൃത സാഹിത്യ വിഭാഗം, എസ്.എസ്.യു.എസ് (Other Sanskrit Studies), ഡോ. ടി.പി. അജയകുമാർ, സീനിയർ പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി (Foreign Languages), ഡോ. സി. ആർ പ്രസാദ്, പ്രൊഫസർ, മലയാള വിഭാഗം, കേരള യൂണിവേഴ്സിറ്റി (Indology), ഡോ. മുഹമ്മദ് മഹീൻ എ, പ്രൊഫസർ, ചരിത്ര വിഭാഗം, കോഴിക്കോട് സർവകലാശാല (Arts & Social Sciences) എന്നിവരെ മുകളിൽ പറഞ്ഞ ഫാക്കൽറ്റികളിലേക്ക് ബഹു. ചാൻസലർ 15.07.2024 മുതൽ ഡീൻമാരായി നാമനിർദ്ദേശം ചെയ്തു. സർവകലാശാലയുടെ ഫാക്കൽറ്റി ഓഫ് അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് വിഭാഗം ഡീനും കാലടി മുഖ്യക്യാമ്പസിലെ സംസ്കൃതം സാഹിത്യ വിഭാഗം പ്രൊഫസറുമായ ഡോ. ടി. മിനി - യെ ഡീൻമാരുടെ മണ്ഡലത്തിൽനിന്നുമുള്ള സിൻഡിക്കേറ്റ് അംഗമായി ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു. എല്ലാവരേയും അക്കാദമിക് കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു.
3. സർവകലാശാലയുടെ അക്കാദമിക് കൗൺസിലിലേക്ക് വിദ്യാർത്ഥി പ്രതിനിധികളായി കുമാരി. എം. ആര്യ, സംസ്കൃത സാഹിത്യ വിഭാഗം ഗവേഷക, കുമാരി. എസ്. എസ് ഷഹീന, ഒന്നാം സെമസ്റ്റർ ഹിന്ദി വിഭാഗം വിദ്യാർത്ഥി, എന്നിവരെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു. രണ്ടുപേരേയും അക്കാദമിക് കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു.
4. മുഖ്യ കേന്ദ്രത്തിലെയും, പ്രാദേശിക കേന്ദ്രങ്ങളിലെയും നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്ന വകുപ്പുകളിൽ ഉൾപ്പെട്ട സ്ഥിര അധ്യാപകർക്ക് FYUGP യുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ പ്രവർത്തങ്ങൾ സംബന്ധിച്ച് ഐ.ക്യു.എ.സിയുടെ നേതൃത്വത്തിൽ 2024 ജൂൺ 26 ന് മുഖ്യ കേന്ദ്രത്തിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു. വൈസ് ചാൻസലർ ശില്പശാല ഉദ്ഘാടനം ചെയ്തു.
5. നാല് വർഷ ബിരുദ പ്രോഗ്രാമുകൾ 2024 ജൂലൈ 1 ന് ആരംഭിച്ചു. അതിനോടനുബന്ധിച്ച് നാല് വർഷ ബിരുദ പ്രോഗ്രാമുകളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കുമുള്ള ബോധവത്കരണക്ലാസും, സംസ്ഥാനതല ഉദ്ഘാടന പരിപാടികളുടെ ഓൺലൈൻ പ്രദർശനവും നടന്നു. സർവകലാശാലാതല ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

6. സർവകലാശാല അംഗീകരിച്ച എസ്.സി/എസ്.റ്റി സെല്ലിന്റെ റൂൾസും റെഗുലേഷനും 05.07.2024 ന് വൈസ് ചാൻസലർ പ്രകാശനം ചെയ്തു.
7. സർവ്വകലാശാലയിലെ 2024 വർഷത്തെ ദ്വിദിന ശങ്കരജയന്തി ആഘോഷങ്ങൾ ജൂലൈ 9, 10 തീയ്യതികളിലായി നടന്നു. ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ബി. അനന്തകൃഷ്ണൻ ശ്രീശങ്കര വാർഷിക പ്രഭാഷണം നടത്തി.
8. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ത്രിദിന പി. ജി. ഇൻഡക്ഷൻ പ്രോഗ്രാം 2024 ജൂലൈ 23, 24, 25 തീയതികളിൽ സർവകലാശാലാ ആസ്ഥാനത്ത് നടത്തി.
9. 23.07.2024 ന് സർവകലാശാലയുടെ ഫിലോസഫി വിഭാഗം കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച സെമിനാറിൽ ചെന്നൈ ആസ്ഥാനമായുള്ള തിയോസഫിക്കൽ സൊസൈറ്റിയുടെ അഡയാർ ലൈബ്രറി ഡയറക്ടർ ഡോ. രാധ രഘുനാഥ് പ്രഭാഷണം നടത്തി.
10. 2024-25 അധ്യയന വർഷം പ്രവേശനം നേടിയ ബിരുദ വിദ്യാർത്ഥികൾക്കായുള്ള ഇൻഡക്ഷൻ പ്രോഗ്രാം 2024 ഓഗസ്റ്റ് 13, 14 തീയതികളിൽ സർവകലാശാലാ ആസ്ഥാനത്ത് നടത്തി. വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് ബഹു. വൈസ് ചാൻസലർ സംസാരിച്ചു.
11. ഐ.ക്യു.എ.സിയുടെ നേതൃത്വത്തിൽ സർവകലാശാലാ മുഖ്യ ക്യാമ്പസിലേയും പ്രാദേശിക ക്യാമ്പസുകളിലേയും അധ്യാപകർക്കായി NIRF സംബന്ധിച്ചും, CAS പ്രൊമോഷനുവേണ്ടി PBAS തയ്യാറാക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനുമായി 05.09.2024 തീയതിയിൽ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. കേരള സർവകലാശാല ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. ജയചന്ദ്രൻ ആർ ആണ് ക്ലാസ്സുകൾ നയിച്ചത്.
12. 24.09.2024 ന് വി.ടി മെമ്മോറിയൽ സ്മാരക ട്രസ്റ്റുമായി ചേർന്ന് സർവകലാശാല മലയാള വിഭാഗം വി.ടി അനുസ്മരണ പ്രഭാഷണം സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.
13. 24.09.2024 ന് സംഘടിപ്പിച്ച എം.വി. കൃഷ്ണവാരിയർ സ്മൃതി മണ്ഡപം പ്രോഗ്രാം വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.
14. ഐ.സി.എസ്.എസ്.ആർ അംഗീകരിച്ച 1.5 കോടി രൂപയുടെ റിസർച്ച് പ്രോജക്ടായ Empowering young India : A - 4 year Physical Literacy Initiative for Global Sports Diplomacy and Competitive Excellence എന്ന പ്രോജക്ടിന്റെ റിസർച്ച് ടീമിൽ പ്രോജക്റ്റ് ഡയറക്ടർമാരിൽ ഒരാളായി സർവകലാശാല കായിക വിഭാഗത്തിലെ പ്രൊഫസറും വകുപ്പദ്ധ്യക്ഷനുമായ ഡോ. ദിനു എം. ആർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.
15. കേരള സാമൂഹ്യ സുരക്ഷ മിഷനോടൊപ്പം നാഷണൽ സർവ്വീസ് സ്കീമും നാഷണൽ സർവ്വീസ് കോർപ്സും നടപ്പാക്കുന്ന വി-കെയർ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ സർവകലാശാലയിലെ എൻ.എസ്.എസ്. യൂണിറ്റുകൾക്ക് പ്രത്യേക പുരസ്കാരം ലഭിച്ചു.
16. 2024 ലെ സംസ്കൃത ദിനാഘോഷം ഒക്ടോബർ 10, 14 തീയതികളിലായിനടന്നു. തിരുപ്പതി ശ്രീ വെങ്കടേശ്വര വേദിക് സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. സന്നിധാനം സുദർശന ശർമ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു.
17. സർവകലാശാലയുടെ പുതിയ ഫിനാൻസ് ഓഫീസറായി ശ്രീമതി സിൽവി കോടക്കാട്ട് 19.10.2024 നും സർവകലാശാലയുടെ പുതിയ രജിസ്ട്രാറായി ഡോ. മോത്തി ജോർജ്ജ്

24.10.2024 നം ചുമതലയേറ്റു. ഇരുവരുടേയും സർവകലാശാലയിലെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ്.

18. മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരത്തിന് സാമൂഹ്യപ്രവർത്തക ശ്രീമതി സി. കെ. ജാനു അർഹയായി. 14.11.2024 ന് സർവകലാശാലയിൽവച്ച് നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പുരസ്കാരം കൈമാറി. മലയാള വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസർ അബ്ദുൾ നാസർ എം.സി. പ്രദീപ്ത സ്മരണ നടത്തി.

19. സർവകലാശാലയിലെ സൈക്കോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അസോസിയേഷൻ ഓഫ് ഇന്റർവെൻഷണൽ സൈക്കോളജിസ്റ്റിന്റെയും (AIP) CUSAT ലെ ന്യൂറോ സയൻസസ് കേന്ദ്രത്തിന്റെയും സഹകരണത്തോടെ 2024 നവംബർ 15, 16 തീയതികളിൽ കാലടി മുഖ്യ ക്യാമ്പസിൽ വച്ച് ഇന്റർനാഷണൽ കോൺഫറൻസ് നടന്നു.

20. ഇന്റർ നാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കരാചാര്യ സ്റ്റഡീസിന്റെ നേതൃത്വത്തിൽ 22.11.2024 ന് ഇന്റർനാഷണൽ ലക്ച്ചർ സീരീസ് ഓൺലൈനായി നടത്തി. റഷ്യൻ അക്കാദമി ഓഫ് സയൻസസിലെ ഓറിയന്റൽ ഫിലോസഫി സ്റ്റഡീസ് വിഭാഗം അദ്ധ്യക്ഷ ഡോ. വിക്ടോറിയ ലിസൻകോ Dignaga and His Critique of the Naya Pramanavada : A study of the Theory of Perception (Pratyaksa) എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

21. 2024 നവംബർ 29 മുതൽ ഡിസംബർ 8 വരെ സംഘടിപ്പിച്ച 27 - ാ മത് കൊച്ചി ഇന്റർ നാഷണൽ ബുക്ക് ഫെസ്റ്റിവലിൽ സർവകലാശാല പങ്കെടുത്തു.

22. പാലക്കാട് നെന്മാറ ശ്രീ. പി. നാരായണൻ നായരുടേയും നെന്മാറ പടിഞ്ഞാറെ പാറയിൽ വിശ്വനാഥൻ നായരുടേയും വേലായുധൻ വടവുകോടിന്റെയും അപൂർവ്വ താളിയോല ഗ്രന്ഥങ്ങളും പുസ്തകങ്ങളുടെ ശേഖരവും സർവകലാശാലയിലെ താളിയോല ഗ്രന്ഥശാലയ്ക്ക് 29.11.2024 ന് കൈമാറി. വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി, ശ്രീ. വിശ്വനാഥൻ നായരുടെ മകൾ വത്സല മേനോനിൽ നിന്നും സർവകലാശാലയ്ക്കുവേണ്ടി ഏറ്റുവാങ്ങി. ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ഡോ. ടി.മിനി, രജിസ്ട്രാർ, ഡോ. മോത്തി ജോർജ്ജ്, സംസ്കൃത പ്രചരണ പദ്ധതിയുടെ നോഡൽ ഓഫീസർ ഡോ. കെ.വി അജിത്കുമാർ, ഡോ. ലിസ്സി മാത്യു, ഡോ. വി.കെ ഭവാനി എന്നിവർ പങ്കെടുത്തു.

23. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഷേപ്പിംഗ് കേരളാസ് ഫ്യൂച്ചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്- ജെൻ ഹയർ എഡ്യൂക്കേഷൻ എന്ന പേരിൽ ദ്വിദിന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് നടത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വൈസ് ചാൻസലർ പങ്കെടുത്തു.

24. ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കര സ്റ്റഡീസിന്റെ നേതൃത്വത്തിൽ അക്കാദമിക് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രം 05.12.2024 ന് സർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തി.

25. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംഘടിപ്പിക്കുന്ന കരിയർ ജ്വാല പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച കരിയർ മീറ്റ് 10.12.2024 ന് രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. മഹാരാജാസ് കോളേജ് മുൻ പ്രിൻസിപ്പാൾ ഡോ. മേരി മെറ്റിൽഡ മുഖ്യപ്രഭാഷണം നടത്തി.

26. 2024 ലെ ഡോ. സി.എം. നീലകണ്ഠൻ എൻഡോവ്മെന്റ് പ്രഭാഷണം സർവകലാശാലയിൽ 11.12.2024 ന് നടത്തി. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ മുൻ വൈസ്

ചാൻസലർ ഡോ. അനിൽ വള്ളത്തോൾ Language of Poetry : Eastern Approach എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

27. Kerala Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രം സർവകലാശാലയിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അധികൃതരുമായി 13.12.2024 -ാം തീയതി സർവകലാശാലയിൽവച്ച് പ്രാരംഭ ചർച്ചകൾ നടത്തി.
28. സ്വാമി വിവേകാനന്ദ ചെയറിന്റെ നേതൃത്വത്തിൽ സർവകലാശാലയിൽ 13.12.2024 ന് Religion and the Challenges of Identity – Mongering : Revisting Swami Vivekananda's Universal Religion എന്ന വിഷയത്തിൽ എക്സ്റ്റെൻഷൻ ലെക്ച്ചർ നടത്തി. തിരുവനന്തപുരം ഗവ. വിമൻസ് കോളേജിലെ ഫിലോസഫി വിഭാഗം പ്രൊഫസർ ഡോ. എൽ. വിജയ് പ്രഭാഷണം നടത്തി.
29. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഹയർ സെക്കൻഡറി വിംഗിന് കീഴിലുള്ള കരിയർ ഗൈഡൻസ് & അഡോളസന്റ് കൗൺസിലിംഗ് സെൽ, കോഴിക്കോട്, മലപ്പുറം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നടത്തിയ ദിശ എക്സ്പോയിൽ സർവകലാശാല പങ്കെടുത്തു.
30. സ്റ്റുഡന്റ് കൗൺസിലിംഗ് സെല്ലും ഐ.ക്യു.എ.സി. യും സംയുക്താഭിമുഖ്യത്തിൽ Resilience Rises: From Trauma to Transformation എന്ന വിഷയത്തിൽ 17.12.2024 ന് സെമിനാർ സംഘടിപ്പിച്ചു. കൺസൾട്ടന്റ് കൗൺസിലിംഗ് സൈക്കോളജിസ്റ്റ് ശ്രീ ആകാശ് മേനോൻ പ്രഭാഷണം നടത്തി.
31. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ കീഴിൽ ശ്രീശങ്കര സ്റ്റഡിസർക്കിളിന്റെ പരിപാടികളും ലെക്ച്ചർ സീരീസുകളും, സെമിനാറുകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

ബഹു. വൈസ് ചാൻസിലർ അവതരിപ്പിച്ച റിപ്പോർട്ടിൽ അക്കാദമിക കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ പ്രോഗ്രാം പരസ്പരം മാറിയതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത പിഴവ് തിരുത്തി റിപ്പോർട്ട് അംഗീകരിച്ചു.

**II പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration)**

1 **No. 01621 / ACDB2 / S.S.U.S. / 2024(1)**

തിരുവനന്തപുരം പ്രാദേശികകേന്ദ്രം ബി.എ സംസ്കൃതം സാഹിത്യം വിദ്യാർത്ഥികൾക്ക് സീറോ സെമസ്റ്റർ അനുവദിച്ചത് - സാധൂകരണം -സംബന്ധിച്ച്.

- സാധൂകരിച്ചു.

2 **No. ACDA1 / 476/ S.S.U.S. / 2020**

2017 പിഎച്ച്.ഡി. നിയമാവലി clause 15(c) ൽ നിന്നും 2-ാം സെമസ്റ്ററിൽ കോഴ്സ് വർക്ക് പൂർത്തിയാക്കണമെന്ന നിബന്ധന മാറ്റി അടുത്ത ബാച്ച് ഗവേഷകരോടൊപ്പം എന്നാക്കി ഭേദഗതി ചെയ്യുന്നത്-സംബന്ധിച്ച്.

- നിലവിലുള്ള റഗുലേഷനിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

3 **No. 00336 / SCOL1 / S.S.U.S. / 2022(2)**

സിൻഡിക്കേറ്റ് തീരുമാനപ്രകാരം എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ്സ്(SCOL)-ന്റെ റെഗുലേഷൻ ഭേദഗതി ചെയ്തു ഗവേണിംഗ് കൗൺസിലിൽ മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങളെ ഉൾപ്പെടുത്തിയത്-അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത്- സംബന്ധിച്ച്.

- സാധൂകരിച്ചു.

4 **No. 03531/ ACDB1 / S.S.U.S. / 2024(3)**

Digilocker പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ്സ്, മാർക്ക് ഷീറ്റുകൾ, മറ്റ് എഡ്യൂക്കേഷണൽ ഡോക്യുമെന്റ്സ് എന്നിവ ആധികാരിക രേഖയായി അഗീകരിച്ച് ബഹു. വൈസ് ചാൻസിലർ ഉത്തരവായത്- റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

- ശ്രദ്ധിച്ചു.

5 **No. E.D/ 5091 / S.S.U.S. / 2023**

മലയാളം ഗവേഷണ പഠന വകുപ്പിലെ പി.എച്ച്.ഡി 2022 അഡ്മിഷൻ ഗവേഷകരുടെ കോഴ്സ് വർക്ക് പരീക്ഷകളുടെ മാസം/വർഷം എന്നിവ രേഖപ്പെടുത്തുന്നത്- സംബന്ധിച്ച്.

- സാധൂകരിച്ചു.

6 **No. E.C / 5284 / S.S.U.S. / 2023(2)**

ബി.എഫ്.എ. പെയിന്റിംഗ് വിദ്യാർത്ഥിയായ റിഷിരാജ് കെ.ആർ (രജി. നം. 15KA02PA07) , ബി.എഫ്.എ. മ്യൂറൽ പെയിന്റിംഗ് വിദ്യാർത്ഥികളായ അർച്ചന കെ.സി(രജി. നം. 15KA02PA21), കൃഷ്ണഗീത എം.ജി. (രജി. നം. 17KA02PA06), മുഹമ്മദ് കെ.പി.(രജി. നം. 19KA02PA41), ബി.എഫ്.എ. സ്കൾപ്ച്ചർ വിദ്യാർത്ഥിയായ അനൂപ് പി.എസ്. (രജി. നം. 16KA02PA40) എന്നിവർക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു.

7 **നം. എക്സാം.സി / 7022 / എസ്.എസ്.യു.എസ്/ ബി.എഫ്.എ / 2023**

ഏപ്രിൽ 2024 ൽ നടന്ന ആറാം സെമസ്റ്റർ പരീക്ഷയുടെ പുനർമൂല്യനിർണയത്തിന്റെ ഫലപ്രഖ്യാപനത്തിന് ശേഷം 2024 വർഷത്തിൽ ബി.എഫ്.എ ഡിഗ്രി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയ ഇന്ദ്രജ.സി.എസ് (20KA02PA10) എന്ന വിദ്യാർത്ഥിനിക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നത് -സംബന്ധിച്ച്

- അംഗീകരിച്ചു.

8 **No. 02106/ ACDB1 / S.S.U.S. / 2024(1)**

സംസ്കൃത ജനറൽ, സംസകൃത വ്യാകരണം, മ്യൂസിക്, ഫിലോസഫി, ഭരതനാട്യം വിഭാഗങ്ങൾ ഒന്നും രണ്ടും സെമസ്റ്റർ FYUGP സിലബസുകളിൽ ഭേദഗതികൾ വരുത്തിയത്- സംബന്ധിച്ച്.

- അംഗീകരിച്ചു.

9 **No. 01967/ ACDB1 / S.S.U.S. / 2024(1)**

Post Graduate Diploma in Sanskrit Computational linguistics പ്രോഗ്രാം- പരീക്ഷ മോഡിൽ വരുത്തിയ മാറ്റം - സംബന്ധിച്ച്.

- ശ്രദ്ധിച്ചു.

10 **No. 0379/ ACDB1 / S.S.U.S. / 2024(1)**

M.A. Comparative Literature പ്രോഗ്രാമ്മിന്റെ നാലാം സെമസ്റ്റർ കോർ പേപ്പറായ "Cross-Cultural Literary Relations"-ന് പകരം "South Asian Literature" എന്ന പേപ്പറായി അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി പുനഃനിർണയിച്ചത് - സംബന്ധിച്ച്.

- അംഗീകരിച്ചു. പ്രോഗ്രാമുകളുടെ പേപ്പർമാറ്റം ബന്ധപ്പെട്ട BoS, Faculty എന്നിവയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം തേടി വേണം ഭാവിയിൽ ഇത്തരം മാറ്റങ്ങൾ നടത്താവൂ എന്ന് നിർദ്ദേശിക്കപ്പെട്ടു.

11 **No. 02141 / ACDB3 / S.S.U.S. / 2024 (1)**

FYUGP പെയിന്റിംഗ് (ഒന്നാം സെമസ്റ്റർ), തീയറ്റർ (മൂന്നും നാലും സെമസ്റ്ററുകൾ) ഓഫർ ചെയ്യുന്ന കോഴ്സുകളുടെ സിലബസുകൾ അംഗീകരിച്ചത് - സാധൂകരിക്കുന്നത് സംബന്ധിച്ചു.

- സാധൂകരിച്ചു.

12 **No. 03002 / ACDB3 / S.S.U.S. / 2024 (1)**

ബി.എ സംസ്കൃത സാഹിത്യ, സംസ്കൃത വ്യാകരണ, സംസ്കൃത ജനറൽ(2022 റഗുലേഷൻ ) എന്നീ പ്രോഗ്രാമുകളുടെ 5, 6 സെമസ്റ്ററുകളിലെ ഭേദഗതി വരുത്തിയ സിലബസ്സുകൾ അംഗീകരിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച്

- സാധൂകരിച്ചു.

13 **No. 03459 / ACDB1 / S.S.U.S. / 2024 (2)**

02.11.2024 ലെ സർവകാശാല FYUGP ഡയറക്ടറേറ്റ് യോഗത്തിന്റെ ശിപാർശകൾ – സംബന്ധിച്ച്.

- പേപ്പർ എന്ന് രേഖപ്പെടുത്തുന്നതിന് പകരം കോഴ്സ് എന്നാക്കേണ്ടതാണ്.
- CE കോഴ്സുകളുടെ മിനിമം മാർക്കും തിയറി കോഴ്സുകളുടെ മിനിമം മാർക്കും ലഭിച്ചാൽപ്പോലും വിദ്യാർത്ഥി പാസാകാത്ത സാഹചര്യത്തിൽ, ടി വിഷയം വിശദമായ പഠനത്തിനായി FYUGP Evaluation and Assessment കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചു.
- രണ്ടാമത്തെ ശിപാർശ അംഗീകരിച്ചു.
- മൂന്നാമത്തെ ശിപാർശയിൽ കോമൺ മൊഡ്യൂൾ വേണ്ടതില്ലെന്നും അതാത് പഠനവകുപ്പുകൾ മൊഡ്യൂൾ തയ്യാറാക്കേണ്ടതാണെന്നും തീരുമാനിച്ചു.

III **പ്രമേയങ്ങൾ**

1 **ഡോ. രേഷ്മ ഭരദ്വാജ് അവതരിപ്പിച്ച് ഡോ. ജോസ് ആന്റണി പിന്താങ്ങുന്ന പ്രമേയം**

FYUGP പ്രോഗ്രാം സർവകലാശാലയിലെ എല്ലാ വകുപ്പുകളിലും ആരംഭിക്കുന്നത് സംബന്ധിച്ച്.

- കൂടുതൽ വകുപ്പുകളിൽ FYUGP പ്രോഗ്രാമുകൾ ആരംഭിക്കണമന്ന വിഷയം സ്വാഗതാർഹമെങ്കിലും അടിസ്ഥാന സൗകര്യം സാമ്പത്തിക ഭദ്രത എന്നിവ കൂടി

പരിഗണിച്ച് നയപരമായ തീരുമാനം ആവശ്യമായതുക്കൊണ്ട് വിഷയം സിൻഡിക്കേറ്റിൽ സമർപ്പിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

2. **കുമാരി ഷഹീന എസ്.എസ്. അവതരിപ്പിച്ച് കുമാരി ആര്യ എം പിന്താങ്ങുന്ന പ്രമേയം**

Research Scholars Meet സംഘടിപ്പിപ്പിക്കുന്നത്- സംബന്ധിച്ച്.

- വർഷാവർഷം Research Scholars Meet നടത്തണമെന്ന ആവശ്യം സ്വാഗതാർഹമാണെങ്കിലും സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി ഭദ്രപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പ്രമേയം പരിഗണിക്കാവുന്നതാണ്.

3. **കുമാരി ആര്യ എം. അവതരിപ്പിച്ച് കുമാരി ഷഹീന എസ്.എസ്. പിന്താങ്ങുന്ന പ്രമേയം**

Grace mark മാനദണ്ഡം പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

- മറ്റ് സർവകലാശാലകളിൽ ഗ്രേസ് ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിലവിലെ സമിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ശിപാർശ ചെയ്തു.

4 **കുമാരി ഷഹീന എസ്.എസ്. അവതരിപ്പിച്ച് കുമാരി ആര്യ എം പിന്താങ്ങുന്ന പ്രമേയം**

Research and Development Cell ന്റെ പ്രവർത്തനം- സംബന്ധിച്ച്.

- Research and Development Cell -മായി ചർച്ച ചെയ്തു തീരുമാനിക്കാൻ ശിപാർശ ചെയ്തു.

5 **കുമാരി ആര്യ എം. അവതരിപ്പിച്ച് കുമാരി ഷഹീന എസ്.എസ്. പിന്താങ്ങുന്ന പ്രമേയം**

BFA പ്രവേശനത്തിന് പ്രായ പരിധി ഉയർത്തുന്നത്- സംബന്ധിച്ച്

FYUGP യിലും BFA റഗുലേഷനിലെയും പ്രായപരിധി എടുത്തുകളയണമെന്ന ആവശ്യം തീരുമാനിക്കുന്നതിന് സിണ്ടിക്കേറ്റിൽ സമർപ്പിക്കാവുന്നതാണ്. ഫീസിന്റെ വിഷയം സർക്കാരിന്റെ ഉത്തരവിന് വിധേയമായി പരിഗണിക്കുവാനും തീരുമാനിക്കാവുന്നതാണ്.

## IV. അടിയന്തിര പ്രമേയങ്ങൾ

1. **കുമാരി ഷഹീന എസ്.എസ്. അവതരിപ്പിച്ച് കുമാരി ആര്യ എം പിന്താങ്ങുന്ന പ്രമേയം**

2017 റഗുലേഷനിൽ ഉൾപ്പെടുന്ന 2018, 2019, 2020 ഡിസംബർ ബാച്ചുകളുടെ എക്സ്റ്റൻഷൻ - സംബന്ധിച്ച്.

- പി.എച്ച്.ഡി കോർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

2. **ഡോ. സി.എം. മനോജ്കുമാർ അവതരിപ്പിച്ച് ഡോ. ടി. ആർ മുരളീകൃഷ്ണൻ പിന്താങ്ങുന്ന പ്രമേയം**

പി.എച്ച്.ഡി കോഴ്സ് വർക്കിന്റെ ഭാഗമായി കോഴ്സുകൾ പഠിപ്പിക്കുന്നത് അധ്യാപകരുടെ വർക്ക് ലോഡ് കണക്കാക്കുന്നതിന് പരിഗണിക്കുന്നത് -സംബന്ധിച്ച്.

- വിഭിന്നമായ അഭിപ്രായങ്ങൾ അക്കാദമിക് കൗൺസിലിൽ ഉയർന്നു വന്നതിനാൽ ഇത് സംബന്ധിച്ച് സ്പഷ്ടമായ അന്തിമ തീരുമാനം കൈക്കൊണ്ടില്ല.

## V. സപ്ലിമെന്ററി അജണ്ട

1 **No. 03909 / ACDB3 / S.S.U.S / 2024(1)**

Approval of the Syllabi of the second Sememster (DSC) in r/o FYUGP Programme in History

- അംഗീകരിച്ചു.

2 **No. 02178 / EXAMC3 / S.S.U.S / 2024(1)**

2020 ബി.എഫ്.എ റെഗുലേഷൻ പ്രകാരമുള്ള സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ട് , ഫൈനൽ ഗ്രേഡ് റിപ്പോർട്ട് എന്നിവയുടെ മാതൃകകൾ അംഗീകരിക്കുന്നതും ബഹു. വൈസ് ചാൻസലറുടെ ഉത്തരവിന് വിധേയമായി 2020 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ട് , ഫൈനൽ ഗ്രേഡ് റിപ്പോർട്ട് എന്നിവ നൽകിയതും അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത്- സംബന്ധിച്ച്

- സാധൂകരിച്ചു.

3 **No. 03239 / SCOL1 / S.S.U.S / 2024(1)**

എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) മുഖേന നടത്തുന്ന കോഴ്സുകളുടെ സർട്ടിഫിക്കറ്റ് മാതൃക അംഗീകരിക്കുന്നത്-സംബന്ധിച്ച്.

- സർട്ടിഫിക്കറ്റിന്റെ മാതൃകയിൽനിന്നും കോഴ്സ് കോർഡിനേറ്ററെ സംബന്ധിക്കുന്ന വിവരങ്ങൾ ഒഴിവാക്കി അംഗീകരിക്കാൻ തീരുമാനിച്ചു.

4 **No. 03848 / ACDB2 / S.S.U.S / 2024(2)**

കാലടി മുഖ്യകേന്ദ്രം(2024 അഡ്മിഷൻ) എം.എ വേദാന്തം വിദ്യാർത്ഥി ബേസിൽ സ്കറിയ(24KA03VE14)-യ്ക്ക് രണ്ടാം സെമസ്റ്ററിൽ പഠനം തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്- റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.

- ശ്രദ്ധിച്ചു

5 **No. 03255 / EXAMD2 / S.S.U.S / 2024(1)**

2024 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ എം.എസ്.ഡബ്ല്യു(2022 അഡ്മിഷൻ /റി അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തികരിച്ച് 111 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്.

- അംഗീകരിച്ചു.

6 **No. 03444 / ACDA1 / S.S.U.S / 2023(1)**

2023 റെഗുലേഷൻ പ്രകാരമുള്ള ടൈറ്റിൽ മാറ്റ വ്യവസ്ഥ മറ്റ് റഗുലേഷനുകൾക്ക് കൂടി ബാധകമാക്കുന്നത്- സംബന്ധിച്ച്.

- അംഗീകരിച്ചു. 2023 Ph.D റെഗുലേഷനിലെ ടൈറ്റിൽ ചെയ്ഞ്ചിനായുള്ള നിബന്ധന 2017, 2020 Ph.D റെഗുലേഷനുകളിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

7 **No. 01466 / ACDC2 / SSUS / 2024(1)**

പി.ജി റഗുലേഷൻ - സീറോ സെമസ്റ്റർ, റീ അപ്പിയറൻസ്, റീ അഡ്മിഷൻ വ്യവസ്ഥകൾ പരിഷ്കരിക്കുന്നത്- സംബന്ധിച്ച്

- അംഗീകരിച്ചു.

8 **No. 03321 / ACDB1 / S.S.U.S / 2024(1)**

Basic Course on Vastuvidhya- ഓൺലൈൻ കോഴ്സിന്റെ സിലബസ് അക്കാദമിക് കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നത്- സംബന്ധിച്ച്.

- സിലബസിൽ സൂക്ഷ്മ പരിശോധന ആവശ്യമായതിനാൽ സിൻഡിക്കേറ്റിന്റെ അക്കാദമിക് & റിസർച്ച് സമിതികളുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

9 **No. EA / 4513 / 2010 / S.S.U.S**

**Award of Ph.D to various Candidates- reg.**

- 06.07.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാന പ്രകാരം 4 വിദ്യാർത്ഥികൾക്ക് Ph.D അവാർഡ് ചെയ്തത് അംഗീകരിച്ചു.
- 06.09.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാന പ്രകാരം 4 വിദ്യാർത്ഥികൾക്ക് Ph.D അവാർഡ് ചെയ്തത് അംഗീകരിച്ചു.
- 01.10.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാന പ്രകാരം 8 വിദ്യാർത്ഥികൾക്ക് Ph.D അവാർഡ് ചെയ്തത് അംഗീകരിച്ചു.

10 **No. 02870 / EXAMC3 / S.S.U.S / 2024(1)**

2001 പ്രവേശനം ബി.എഫ്.എ മ്യൂറൽ പെയിന്റിംഗ് വിദ്യാർത്ഥി ആയ കലേഷ് എ (രജിസ്റ്റർ നം. 3313)-യ്ക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നത് -സംബന്ധിച്ച്.

- ടി വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ നിർദ്ദേശിക്കാൻ പ്രൊഫസ്സർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസിനെ ചുമതലപ്പെടുത്തി.

11 **No. 03849 / ACDA3 / S.S.U.S / 2024(2)**

2016-ലെ യുജിസി റെഗുലേഷനിലെ clause 4.4 പ്രകാരം വനിത ഗവേഷകർക്ക് 6 വർഷ കാലാവധിക്ക് പുറമെ 2 വർഷം അധികമായി അനുവദിക്കുന്ന വ്യവസ്ഥ 2017, 2020 എന്നീ വർഷങ്ങളിലെ സർവകലാശാല റെഗുലേഷൻസിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്.

- അംഗീകരിച്ചു.

12 No. 03547 / SOSCOL / S.S.U.S / 2024(1)

Basic Sanskrit Course in Malayalam, Sanskrit for Special purpose Ayurveda എന്നീ നോൺ ക്രെഡിറ്റ് ഓൺലൈൻ കോഴ്സുകളുടെ മൂല്യ നിർണയം സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാക്കിയത്- സാധൂകരണം -സംബന്ധിച്ച്.

- സാധൂകരിച്ചു.

13 **No. 01562 / OIA1 / S.S.U.S / 2024**

Credit Transfer Regulation for Collaboration with Higher Education Institution Abroad.

- അംഗീകരിച്ചു.

14 **No. 02526 / ACDB1 / SSUS / 2024 (1)**

FYUGP പ്രോഗ്രാമിന്റെ പരീക്ഷ നടത്തിപ്പ്, പരീക്ഷ മൂല്യനിർണയം സംബന്ധിച്ച് 14.08.2024 ൽ ചേർന്ന FYUGP കമ്മിറ്റി കൺവീനർമാരുടെ മീറ്റിംഗിലെ ശിപാർശകൾ - അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനും വേണ്ടി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു.

15 **No. 03110 / ACDB1 / SSUS / 2023 (1)**
Finalisation of the syllabus of the proposed elective courses in P.G(MSW) level and changing the existing MSW Course " Community Health Organisation" offered to the MSW DM Students.

- അംഗീകരിച്ചു.

16 **No. 03110 / ACDB1 / SSUS / 2023 (1)**
Approval of the FYUGP Syllabi of various semesters

- അംഗീകരിച്ചു.

അജണ്ടകളിന്മേലുള്ള ചർച്ചകൾ അവസാനിച്ചതിന് ശേഷം 19.12.2024 ന് കൂടിയ ഭരതനാട്യം വിഭാഗം ഗവേഷകയുടെ ഓപ്പൺ ഡിഫൻസുമായി ബന്ധപ്പെട്ട് പത്ര മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകളെക്കുറിച്ച് ബഹു. വൈസ് ചാൻസിലർ റിപ്പോർട്ട് ചെയ്തു. ടി വിഷയത്തിൽ സർവകലാശാലയുടെ നിലപാട് വ്യക്തമാക്കി പത്രക്കുറിപ്പ് പുറപ്പെടുവിക്കുന്നതിന് പി.ആർ.ഒ-യെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
മേൽ പരാമർശിച്ച ഓപ്പൺ ഡിഫൻസിലെ Adjudicators പാനലിൽ യോഗ്യതയില്ലാത്തവർ ഉണ്ടായിരുന്നോ എന്ന് പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ രൂപീകരിക്കുന്നതിന് ബഹു. വി.സി യെ ചുമതലപ്പെടുത്തി.

യോഗം 2.00 മണിക്ക് അവസാനിച്ചു.

ഒപ്പ്
**വൈസ് ചാൻസിലർ**